**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 396** — **20-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് നേരെയുള്ള ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ.ടി. മേഖല ഉൾപ്പെടെയുള്ള തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് നേരെ ചൂഷണം വർദ്ധിച്ചുവരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം സംസ്ഥാന തൊഴിൽ വകുപ്പ് 'സഹജ' (180042555215 - ടോൾ ഫ്രീ നമ്പർ) എന്ന പേരിൽ സജ്ജീകരിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക്, അവരുടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് സ്ത്രീയായിട്ടുള്ള കോൾ സെന്റർ എക്സിക്യൂട്ടീവിനെ നേരിട്ട് വിളിച്ച് അറിയിക്കാവുന്നതാണ്. ഈ നമ്പറിൽ ലഭിക്കുന്ന കോളുകൾ തൊഴിലാളി ആഗ്രഹിക്കുന്ന പക്ഷം അവരുടെ ഐഡന്റിറ്റി വെളിവാക്കാതെ തന്നെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്നുണ്ട്. പരാതിക്കാരിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കോൾ സെന്റർ എക്സിക്യൂട്ടീവ് നൽകുകയും ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് പരാതി കൈമാറുകയും ആയത് രജിസ്റ്റർ ചെയ്ത വിവരങ്ങൾ ഉടൻ തന്നെ മെസേജായി പരാതി നൽകിയ തൊഴിലാളിയ്ക്ക് ലഭിക്കുകയും ചെയ്യും. ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ ദ്രുതഗതിയിൽ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.<br>സംസ്ഥാനത്ത് ഐ.ടി. മേഖല ഉൾപ്പെടെയുള്ള വിവിധ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ച് തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളിലും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ നടത്തി വരുന്ന റുട്ടീൻ സ്ഥാപന പരിശോധനകളിലും കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പോഷ് ആക്ട് പ്രകാരമുള്ള ഇൻറ്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ടോയെന്ന് സ്ഥാപന പരിശോധന വേളയിൽ ഉറപ്പുവരുത്തുകയും തൊഴിലുടമകൾക്ക് ടി കമ്മിറ്റികൾ പോഷ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകിവരുന്നുണ്ട്. |
| (ബി) | സ്ത്രീകൾക്ക് നൈറ്റ് ഷിഫ്റ്റ് ഉൾപ്പെടെ നൽകുന്നതും കൂടുതൽ നേരം ജോലി ചെയ്യിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | തൊഴിലിടങ്ങളിൽ കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കുന്നതടക്കമുള്ള തൊഴിൽ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെടലുകൾ നടത്തി പരാതികൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>ഫാക്ടറി നിയമം 1948-ലെ സെക്ഷൻ 66 പ്രകാരം രാത്രി 10 മണിക്കു ശേഷം സ്ത്രീ തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നത് അനുവദനീയമല്ല. സ്ത്രീ തൊഴിലാളികളെ 10 മണിക്കുശേഷവും കൂടുതൽ നേരവും ജോലി ചെയ്യിപ്പിക്കുന്നതായ പരാതികൾ ലഭിക്കുന്നപക്ഷവും അല്ലെങ്കിൽ ഫാക്ടറി പരിശോധന സമയത്ത് ശ്രദ്ധയിൽപ്പെട്ടാലും ആയത് ഗൗരവമായി കണ്ട് ഫാക്ടറി ഇൻസ്പെക്ടർമാർ മുഖേന ടി ഫാക്ടറികൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | തൊഴിൽ നിയമങ്ങൾ, അവകാശങ്ങൾ, മറ്റ് പരിഹാരമാർഗങ്ങൾ എന്നിവ സംബന്ധിച്ച് സ്ത്രീതൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തു നിലവിലെ തൊഴിൽ നിയമങ്ങളുടെ അടിസ്ഥാനത്തിലും സ്ത്രീതൊഴിലാളികൾക്ക് പ്രത്യേകമായി ഈക്വൽ റെമ്യൂണറേഷൻ ആക്ട്, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരവുമുള്ള ആനുകൂല്യങ്ങൾ തൊഴിലുടമകൾ നൽകുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. പോഷ് ആക്ട് സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും സ്ത്രീതൊഴിലാളികളുടെ പരാതികൾ കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമായി സഹജ കോൾ സെന്ററും തൊഴിൽ വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്.<br>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർ വ്യവസായശാലകൾ പരിശോധിച്ച് തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്ന 20-ഓളം നിയമങ്ങൾ, ഫാക്ടറികളിൽ ഫാക്ടറി മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | നടപ്പിൽവരുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും നിയമലംഘകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. നിയമങ്ങളിലെ അവകാശങ്ങളെക്കുറിച്ചും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും സ്ത്രീതൊഴിലാളികൾക്ക് അവബോധം നൽകുകയും തൊഴിൽ-ആരോഗ്യ പരിശീലനകേന്ദ്രമായ OTI (Occupational Safety and Health Training Institute), സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന പരിശീലന വാഹനം, മേഖല പരിശീലന കേന്ദ്രങ്ങൾ എന്നിവ വഴി വിവിധ ആരോഗ്യ സുരക്ഷിതത്വ പരിശീലനപരിപാടികൾ പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ